"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- നെല്ലിപ്പതി പൊതു ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.624/2021/LSGD തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 22.06.2020ലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് നം. സി- 2067/2019

2 10.02.2021ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.25 നമ്പർ തീരുമാനം.

**ഉത്തരവ്**

നെല്ലിപ്പതി പൊതുശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുകയും എന്നാൽ ശ്മശാനങ്ങളുടെ സംരക്ഷണ ചുമതല ഗ്രാമപഞ്ചായത്തിന്റേതായതിനാൽ അനുവദനീയമല്ലെന്നും ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ് അറിയിക്കുകയും ടി പ്രവർത്തിയ്ക്ക് പ്രത്യേകാനുമതി നൽകണമെന്ന പരാമർശം (1) പ്രകാരം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ പ്രദേശമായതിനാൽ നെല്ലിപ്പതി പൊതുശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, അട്ടപ്പാടി

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

# File No.LSGD-DB3/89/2021-LSGD

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BEENAMMA P A

Date: 2021.02.26 16:56:58 IST

Reason: Approved

സെക്ഷൻ ഓഫീസർ